**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3748</u>** **<u>09-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മൂന്നാർ ഗവ. ആർട്സ് കോളേജ് പുനർനിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തിൽ തകർന്ന മൂന്നാർ ഗവ. ആർട്സ് കോളേജിന്റെ പുനർനിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2018 ലെ പ്രളയത്തിൽ തകർന്ന മൂന്നാർ ഗവ.ആർട്സ് & സയൻസ് കോളേജിന്റെ പുനർ നിർമ്മാണത്തിനായി, ഇടുക്കി ജില്ലയിൽ, ദേവികുളം താലൂക്കിൽ, മൂന്നാർ വില്ലേജിൽ സർവ്വേ നമ്പർ 912, 912/1, 914 എന്നിവയിൽ ഉൾപ്പെട്ട 2.8862 ഹെക്ടർ ഭൂമിയുടെ ഉപയോഗവും കൈവശാനുഭവവും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി DPR നുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കിഫ്ബി അനുമതിയോട് കൂടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല മറ്റൊരു ഏജൻസിക്ക് മാറ്റി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ? | (ബി) | മൂന്നാർ ഗവ.ആർട്സ് & സയൻസ് കോളേജിന്റെ പുനർ നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല മറ്റൊരു ഏജൻസിക്ക് മാറ്റി നൽകുന്ന വിഷയത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ